# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
2012 ജൂലൈ 17, ചൊവ്വ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 261)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി | 7338 മുതൽ 7398 വരെ |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | 7399 മുതൽ 7438 വരെ |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | 7439 മുതൽ 7526 വരെ |
| പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി | 7527 മുതൽ 7598 വരെ |

## സംസ്ഥാനത്ത് നടപ്പാക്കുന്ന പുര പദ്ധതി- വിശദാംശങ്ങൾ

7338 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്ന പുര പദ്ധതിപ്രകാരം ഇപ്പോൾ എത്ര പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ട്; ഏതൊക്കെയാണ് പ്രസ്തുത പ്രോജക്ടുകളെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പ്രോജക്ടിന് എത്ര രൂപയുടെ സാമ്പത്തിക സഹായമാണ് കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്നത്; ഈ പ്രോജക്ടിന് സംസ്ഥാന ഗവൺമെന്റിന്റെ വിഹിതം എത്രയാണെന്ന് അറിയിക്കുമോ;

(സി) ഈ പ്രോജക്ടിലെ സ്വകാര്യപങ്കാളിത്തത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

(ഡി) ഈ പ്രോജക്ട് കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളുടെ പ്രവൃത്തി സമയം**

**7339**

**ശ്രീമതി പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ പട്ടിക ഒന്നിൽ നിലവിലുള്ള പ്രവൃത്തികൾക്ക് പുറമേ പുതിയ പ്രവൃത്തികൾ ഉൾപ്പെടുത്തണമെന്ന ആവശ്യത്തിന്മേൽ ഉണ്ടായ നടപടി വിശദമാക്കുമോ;**

(ബി) **തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ പ്രവൃത്തി സമയം ഒരു മണിക്കൂർ കുറയ്ക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?**

**കേരള നിയമസഭ**
**17.07.2012 -ലെ മറുപടിക്ക്**

**<u>സംസ്ഥാന ഗ്രാമവികസന ഇന്‍സ്റ്റിറ്റ്യൂട്ട്</u>**

**7340** **ശ്രീ. എം. ഹംസ**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) **സംസ്ഥാന ഗ്രാമവികസന ഇന്‍സ്റ്റിറ്റ്യൂട്ട് (എസ്. ഐ. ആര്‍. ഡി.) എന്നാണ് നിലവില്‍ വന്നത്;**

(ബി) **പ്രസ്തുത ഇന്‍സ്റ്റിറ്റ്യൂട്ട് എന്തെല്ലാം പ്രവര്‍ത്തനങ്ങളാണ് നടത്തിവരുന്നത്;**

(സി) **2012-13 വര്‍ഷത്തില്‍ എന്തെല്ലാം പരിപാടികള്‍ക്കാണ് ഇന്‍സ്റ്റിറ്റ്യൂട്ട് രൂപം കൊടുത്തിരിക്കുന്നത്; അതിനായി എന്ത് തുക നീക്കിവച്ചിരിക്കുന്നുവെന്ന് അറിയിക്കുമോ;**

(ഡി) **പ്രസ്തുത ഇന്‍സ്റ്റിറ്റ്യൂട്ടിന്റെ പ്രവര്‍ത്തനം ആധുനികവും സമഗ്രവുമല്ല എന്ന ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കില്‍ അത് പരിഹരിക്കാനായി എന്തെല്ലാം നടപടികള്‍ സ്വീകരിക്കും; വിശദമാക്കുമോ?**

## കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

### ഇന്ദിരാ ആവാസ് യോജനയുടെ വിശദാംശങ്ങൾ

7341 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം എത്ര വീടുകൾ അനുവദിച്ചിട്ടുണ്ടെന്ന് പറയുമോ;

(ബി) ഇവയിൽ എത്ര എണ്ണം പണി പൂർത്തീകരിച്ച് തുക അനുവദിച്ച് നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) ഏതെല്ലാം വിഭാഗങ്ങൾക്കാണ് ഈ പദ്ധതി പ്രകാരം വീട് അനുവദിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഓരോ വിഭാഗത്തിനും അനുവദിക്കുന്ന തുക എത്രയാണെന്ന് അറിയിക്കാമോ;

(ഇ) ഈ പദ്ധതിയിൽ അംഗമാകുന്നതിന് ഏതെല്ലാം രേഖകളാണ് നൽകേണ്ടതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**സ്വര്‍ണ ജയന്തി ഗ്രാമ സ്വറോസ്ഗാര്‍ യോജന**

**7342 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോര്‍ക്കയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സ്വര്‍ണ ജയന്തി ഗ്രാമ സ്വറോസ്ഗാര്‍ യോജന (എസ്. ജി. എസ്. വൈ) പദ്ധതിയില്‍ എത്ര വ്യക്തിഗത കുടുംബങ്ങള്‍ക്ക് ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നശേഷം ആനുകൂല്യം നല്‍കിയെന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര സംഘങ്ങള്‍ക്ക് പ്രസ്തുത പദ്ധതിയില്‍ ധനസഹായം നല്‍കിയെന്ന് അറിയിക്കുമോ;

(സി) എത്ര തുകയാണ് പ്രസ്തുത പദ്ധതി പ്രകാരം അനുവദിച്ചത്;

(ഡി) എസ്. ജി. എസ്. വൈ. പദ്ധതി പ്രകാരം ആനുകൂല്യം നല്‍കിയ വ്യക്തികളുടേയും സംഘങ്ങളുടേയും പട്ടിക ജില്ല തിരിച്ച് വിശദമാക്കാമോ ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**ബ്ലോക്ക് ഗ്രാമപഞ്ചായത്ത് തലത്തിലുള്ള വികസന പ്രവർത്തനങ്ങൾ**

T 7343 ശ്രീ. ആർ. സെൽവരാജ്
,, റ്റി. എൻ. പ്രതാപൻ
,, കെ. അച്ചുതൻ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്ലോക്ക് ഗ്രാമപഞ്ചായത്ത് തലത്തിലുള്ള വികസന പ്രവർത്തനങ്ങൾ ജനങ്ങളിലെത്തിക്കുവാൻ വിവര പൊതുജന സമ്പർക്ക വകുപ്പ് പദ്ധതികൾ ആവിഷ്ക്ക രിച്ചിട്ടുണ്ടോ;വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം ജില്ലകളിലാണ് പദ്ധതി നടപ്പാക്കാനുദ്ദേശി ക്കുന്നത്; വ്യക്തമാക്കുമോ;

(സി) ഏതെല്ലാം പദ്ധതി പ്രകാരമുള്ള വികസന പ്രവർത്തന ങ്ങളാണ് ജനങ്ങളിലെത്തിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദീകരിക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

### എസ്. എം. എസ് സർവ്വേ

7344 ശ്രീ. സാജു പോൾ
,, റ്റി. വി. രാജേഷ്
,, വി. ശിവൻകുട്ടി
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ വിവിധ പദ്ധതികളോടും നയങ്ങളോടും തീരുമാനങ്ങളോടുമുള്ള ജനങ്ങളുടെ പ്രതികരണം അറിയുന്നതിന് എസ്. എം. എസ് സംവിധാനം ഉപയോഗിച്ച് അഭിപ്രായസർവ്വേ നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) സർക്കാർ നയങ്ങളും പരിപാടികളും ഈ സർവ്വേയുടെ ഫലത്തിന്റെ അടിസ്ഥാനത്തിൽ ഭേദഗതി വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**കേരള നിയമസഭ**
**17.07.2012 -ലെ മറുപടിക്ക്**

**<u>പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി ആസൂത്രണ മാർഗ്ഗരേഖ</u>**

7345 **ശ്രീ. എളമരം കരീം**
**,, കെ. രാധാകൃഷ്ണൻ**
**,, എസ്. ശർമ്മ**
**,, എസ്. രാജേന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പുറത്തിറക്കുന്നതിൽ കാലതാമസം ഉണ്ടായതായി കരുതുന്നുണ്ടോ ; എങ്കിൽ അതിനുള്ള കാരണം അറിയിക്കുമോ ;**

(ബി) **പരിമിതമായ സമയക്രമമാണ് ആദ്യവർഷ പദ്ധതി രൂപീകരണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുകയെന്നതിനാൽ അവയുടെ 2012-13 വർഷത്തെ രൂപീകരണത്തെയും നിർവ്വഹണത്തെയും ഇത് എത്രത്തോളം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ;**

(സി) **ഈ പശ്ചാത്തലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പുവർഷം പദ്ധതി ശൂന്യവർഷം ആകാതിരിക്കാൻ എന്തെങ്കിലും മുൻകരുതലുകൾ സ്വീകരിക്കുമോ ; വിശദമാക്കാമോ ?**

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി നിർവ്വഹണം

7346 ശ്രീ. സണ്ണി ജോസഫ്
,, എം. എ. വാഹീദ്
,, വർക്കല കഹാർ
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി നിർവ്വഹണത്തിന് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ നിർദ്ദേശങ്ങളുടെ വിശദാംശങ്ങൾ എന്തെല്ലാമാണ്;

(സി) പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥർ സൂക്ഷിക്കേണ്ട രേഖകളും സ്ഥലം മാറിപോകുമ്പോൾ ചെയ്യേണ്ട ഉത്തരവാദിത്വങ്ങളും എന്തെല്ലാമാണ്;

(ഡി) ഗുരുതരമായ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥൻമാർക്കെതിരെ എന്തെല്ലാം ശിക്ഷാ നടപടികളാണ് കൈക്കൊളളാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**പി. എം. ജി. എസ്.വൈ റോഡുകൾ നിർമ്മിക്കുന്നതിന് നടപടികൾ**

7347 ശ്രീ. വി. ഡി. സതീശൻ
,, എ. റ്റി. ജോർജ്
,, പി. എ. മാധവൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പി. എം. ജി. എസ്.വൈ പദ്ധതിയിൽ റോഡുകൾ നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(ബി) ഇതിനായി പുതിയ ടെണ്ടറുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ ?

**കേരള നിയമസഭ**
**17.07.2012 -ലെ മറുപടിക്ക്**

**പി. എം. ജി. എസ്. വൈ. ഫേസ് VI, VII പ്രവൃത്തികൾ**

**7348 ശ്രീമതി പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പി. എം. ജി. എസ്. വൈ. പദ്ധതികൾ ഏറ്റെടുക്കുന്നതിന് കരാറുകാരുടെ ഭാഗത്ത് വിമുഖത ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പി. എം. ജി. എസ്. വൈ. ഫേസ് VI, VII ലുമായി എത്ര പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുണ്ട്;

(സി) പ്രസ്തുത ഫെയ്സുകളിൽ കരാർ എടുക്കാത്ത പ്രവൃത്തികളുടെയും കരാർ എടുത്തിട്ട് പണി നാളിതുവരെ പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെയും എണ്ണം വെളിപ്പെടുത്തുമോ;

(ഡി) പി. എം. ജി. എസ്. വൈ. പദ്ധതികൾ കരാറുകാർ ഏറ്റെടുത്ത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

<u>പി. എം. ജി. എസ്. വൈ.</u>

7349 **ശ്രീമതി. പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പി. എം. ജി. എസ്. വൈ പദ്ധതി പ്രകാരം കൊല്ലം ജില്ലയിൽ വെട്ടിക്കവല ബ്ലോക്കിൽ ഫേസ് IV മുതൽ ഫേസ് VII വരെയുള്ള പ്രവൃത്തികളിൽ പണി ആരംഭിക്കാത്തതും നിർമാണം പകുതി വഴിയിൽ നിൽക്കുന്നതുമായ പ്രവൃത്തികൾ ഏതെല്ലാമാണ് ;

(ബി) ഫേസ് IV ൽ ഉൾപ്പെട്ട മുടങ്ങിക്കിടന്ന പ്രവൃത്തികൾ കരാറുകാരുമായി നെഗോഷേ്യറ്റ് ചെയ്ത് കരാർ ഉറപ്പിക്കുന്ന നടപടിയിലെ പുരോഗതി വ്യക്തമാക്കുമോ ;

(സി) ഫേസ് ഢക ൽ ഉൾപ്പെട്ട പണികളുടെ നിലവിലുള്ള സ്ഥിതി എന്താണ് ;

(ഡി) ഫേസ് VII ൽ ഉൾപ്പെട്ടതും കൊട്ടാരക്കര ബ്ലോക്കിന്റെ പരിധിയിൽ വരുന്ന പ്രവൃത്തികളുടെ വിശദവിവരങ്ങൾ നൽകുമോ ?

**കേരള നിയമസഭ**
**17.07.2012 -ലെ മറുപടിക്ക്**

**<u>പി. എം. ജി. എസ്. വൈ. 8-ാം ഘട്ടത്തിൽ കൊട്ടാരക്കര വെട്ടിക്കവല ബ്ലോക്കുകളിൽ നിന്നും സമർപ്പിക്കപ്പെട്ട റോഡുകളുടെ പേരുവിവരം</u>**

**7350 ശ്രീമതി പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) **പി. എം. ജി. എസ്. വൈ. 8-ാം ഘട്ടത്തിൽ ഏറ്റെടുക്കുന്നതിനായി കൊല്ലം ജില്ലയിലെ കൊട്ടാരക്കര, വെട്ടിക്കവല ബ്ലോക്കുകളിൽ നിന്നും എസ്. എൽ. എസ്. സി. യുടെ അംഗീകാരത്തിനായി സമർപ്പിക്കപ്പെട്ട റോഡുകളുടെ പേരുവിവരം വെളിപ്പെടുത്തുമോ;**

(ബി) **പ്രസ്തുത പ്രവർത്തികൾക്ക് എസ്. എൽ. എസ്. സി. യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ;**

(സി) **ഉണ്ടെങ്കിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ?**

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

<u>പി. എം. ജി. എസ്. വൈ. പ്രകാരം</u>
<u>കാഞ്ഞങ്ങാട് മണ്ഡലത്തിലെ പ്രവൃത്തികൾ</u>

7351

ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പി. എം. ജി. എസ്. വൈ. പ്രകാരം കാഞ്ഞങ്ങാട് മണ്ഡലത്തിൽ എത്ര റോഡുകളാണ് ഇനി പൂർത്തിയാകാനുള്ളതെന്നും എത്രയെണ്ണം പണി തുടങ്ങിയിട്ടില്ല എന്നും അവ ഏതൊക്കെയാണെന്നും അറിയിക്കാമോ;

(ബി) ഇതുവരെ പണി ആരംഭിക്കാത്ത റോഡുകൾ ഉണ്ടെങ്കിൽ അത് എന്തുകൊണ്ടാണെന്നും ഇക്കാര്യത്തിൽ എന്തു നടപടികളാണ് സ്വീകരിക്കുക എന്നും വെളിപ്പെടുത്തുമോ;

(സി) മണ്ഡലത്തിൽ പുതുതായി തെരഞ്ഞെടുത്തിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്നു വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**17.07.2012 -ലെ മറുപടിക്ക്**

**നരിക്കുഴി കിടങ്ങാമൂഴി വാട്ടർഷെഡ്സ്**
**പദ്ധതികളുടെ നടത്തിപ്പ്**

7352 **ശ്രീ. രാജു എബ്രഹാം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നരിക്കുഴി കിടങ്ങാമൂഴി വാട്ടർഷെഡ്സ് പദ്ധതികളുടെ നടത്തിപ്പ് ചുമതല ആർക്കാണ്;

(ബി) പ്രസ്തുത രണ്ടു പദ്ധതികളുടെയും പ്രവർത്തി പുരോഗതി വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾക്ക് ആകെ അനുവദിച്ച ഫണ്ട് എത്രയാണ്;

(ഡി) ഇതുവരെയുള്ള ഫണ്ട് വിനിയോഗത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ പട്ടിക ലഭ്യമാക്കുമോ;

(എഫ്) ഓരോ ഗുണഭോക്താവിനും എന്തൊക്കെയാണ് നൽകിയിട്ടുള്ളത്; വിശദമാക്കുമോ;

(ജി) പദ്ധതിയുടെ നടത്തിപ്പിൽ സ്ഥലം എം.എൽ.എ യെ പൂർണ്ണമായും മാറ്റി നിർത്തിയിരിക്കുന്നത് ഏതെങ്കിലും ഉത്തരവിന്റെയോ നിർദ്ദേശത്തിന്റേയോ അടിസ്ഥാനത്തിലാണോ;

(എച്ച്) ഇതു സംബന്ധിച്ച ഗൈഡ്ലൈൻ എന്താണ്; വിശദീകരിക്കാമോ;

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

(ഐ) പ്ലാനിംഗ് ബോർഡും, പശ്ചിമഘട്ട വികസന വകുപ്പും നൽകിയ നിർദ്ദേശങ്ങൾക്ക് വിദഗ്ധമായി പദ്ധതി നടത്തിയത് സംബന്ധിച്ച് അന്വേഷണം നടത്തുമോ;

(ജെ) പദ്ധതിയിൽ ഇനി എത്ര ഫണ്ടാണ് അവശേഷിക്കുന്നതെന്നറിയിക്കുമോ;

(കെ) പ്ലാനിംഗ് വകുപ്പിന്റെ ഏതുദ്യോഗസ്ഥനാണ് പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**പൂയപ്പള്ളി ഗ്രാമപഞ്ചായത്തിനെ ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുത്താൻ നടപടി**

7353 **ശ്രീ. ജി. എസ്. ജയലാൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ മുൻപുണ്ടായിരുന്ന നെടുമ്പന ഗ്രാമപഞ്ചായത്തിനെ ഒഴിവാക്കി മുഖത്തല ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ പ്രസ്തുത ഗ്രാമപഞ്ചായത്തിനെ നിലനിർത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ പുതുതായി ഉൾപ്പെടുത്തിയ പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് ഇപ്പോഴും കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിൽത്തന്നെ നിലനിർത്തിയിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പൂയപ്പള്ളി ഗ്രാമപഞ്ചായത്തിനെക്കൂടി ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; ആയതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ;

(സി) ഒരു നിയമസഭാ നിയോജക മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകൾ പല ബ്ലോക്ക് പഞ്ചായത്തുകളിൽ ഉൾപ്പെടുന്നതു മൂലം വികസന പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കൃഷി, മൃഗസംരക്ഷണം, സാമൂഹ്യക്ഷേമം, പൊതുമരാമത്ത് തുടങ്ങിയ വകുപ്പുകളുടെ ഏകോപനവും പ്രവർത്തനവും പ്രായോഗികമായി തടസ്സപ്പെടുന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**തദ്ദേസസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി രൂപീകരണം**

**7354 ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആസൂത്രണ ബോർഡ് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകാത്തതിനാൽ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി രൂപീകരണം വൈകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുളള കാരണം വിശദമാക്കാമോ;

(സി) കാലതാമസം ഒഴിവാക്കാൻ എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) 2012-13 വർഷത്തെ പദ്ധതി രൂപീകരണം എന്ന് ആരംഭിക്കുവാനാകുമെന്ന് വ്യക്തമാക്കുമോ;

(ഇ) പദ്ധതി രൂപീകരണം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ രൂപപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**പെർഫോമൻസ് ഓഡിറ്റ് വിംഗിന്റെ പ്രവർത്തനം**

**7355 ശ്രീ. കെ. ദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള പെർഫോമൻസ് ഓഡിറ്റ് വിംഗിന്റെ പ്രവർത്തനം കാര്യക്ഷമമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ടുകളിൻമേൽ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത വിംഗ് പുന:സംഘടിപ്പിക്കുന്നതിന് ആലോചിക്കുന്നതിനായി ഏതെങ്കിലും സമിതിയെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സമിതി സർക്കാർ മുൻപാകെ വെച്ചിട്ടുള്ള ശുപാർശകൾ എന്തെല്ലാം; വിശദമാക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ ബി.പി.എല്‍ കുടുംബങ്ങളുടെ വിശദാംശം</u>

7356 ശ്രീ. എ. കെ. ബാലന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോര്‍ക്കയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് നിലവില്‍ എത്ര ലക്ഷം കുടുംബങ്ങളാണ് ബി.പി.എല്‍. പട്ടികയില്‍ ഉളളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം പുതിയ പട്ടിക തയ്യാറാക്കുകയോ പഴയപട്ടിക പരിഷ്കരിക്കുകയോ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കില്‍ ആയതിന്റെ വിശദാംശങ്ങള്‍ ലഭ്യമാക്കുമോ ;

(സി) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം എത്ര കുടുംബങ്ങളെയാണ് ബി.പി.എല്‍ പട്ടികയില്‍ നിന്നും ഒഴിവാക്കിയിട്ടുളളത് ;

(ഡി) ഈ സര്‍ക്കാര്‍ വന്നതിന് ശേഷം എത്ര കുടുംബങ്ങളെ പുതുതായി ബി.പി.എല്‍ പട്ടികയില്‍ ഉള്‍പ്പെടുത്തിയിട്ടുണ്ട് ;

(ഇ) പൊതുജന സമ്പര്‍ക്ക പരിപാടിയില്‍ എ.പി.എല്‍ - ബി.പി.എല്‍ ആക്കാന്‍ എത്ര അപേക്ഷകള്‍ ലഭിച്ചിരുന്നു ; ഇതില്‍ എത്ര അപേക്ഷകള്‍ ഇതിനകം എ.പി.എല്‍ - ല്‍ നിന്നും ബി.പി.എല്‍ ആക്കി നല്‍കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**സാമൂഹ്യ-സാമ്പത്തിക ജാതി സെൻസസ് ആധാരമാക്കി ബി.പി.എൽ പട്ടിക**

7357 **ശ്രീ. ഇ. പി. ജയരാജൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടന്നു വരുന്ന സാമൂഹ്യ-സാമ്പത്തിക ജാതി സെൻസസ് ആധാരമാക്കി ബി.പി.എൽ പട്ടിക തയ്യാറാക്കുന്നതിന് കേന്ദ്രഗവൺമെന്റിന്റെ ഗ്രാമവികസന മന്ത്രാലയം നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ എന്തെല്ലാം;വ്യക്തമാക്കുമോ;

(ബി) ഇരുചക്രവാഹനങ്ങളുടെയും മുചക്രവാഹനങ്ങളുടെയും ഉടമസ്ഥരായുള്ള പൗരന്മാരെ ഇത്തരത്തിൽ തയ്യാറാക്കുന്ന ബി.പി.എൽ പട്ടികയിൽ നിന്നും ഒഴിവാക്കണമെന്നു നിർദ്ദേശിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ തയ്യാറാക്കുന്ന ബി.പി.എൽ പട്ടികയിൽ നിന്നും അൻപതിനായിരം രൂപയിലധികം തുകയ്ക്കുകിസ്സാൻ ക്രെഡിറ്റ് കാർഡ് സൗകര്യമുള്ള കർഷകരെ ഒഴിവാക്കണമെന്ന നിർദ്ദേശം ഉണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിൽ തയ്യാറാക്കുന്ന ബി.പി.എൽ പട്ടികയിൽ നിന്നും മൂന്നു മുറികളുള്ള വീടുള്ള പൗരന്മാരെ ഒഴിവാക്കണമെന്നു നിർദ്ദേശിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) കാർഷികേതര മേഖലയിലെ സംരംഭകരെയും പ്രൊഫഷൻ ടാക്സ് നൽകുന്നവരുള്ള കുടുംബങ്ങളെയും ഒഴിവാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ;

(എഫ്) ഇത്തരത്തിൽ വിവിധ വിഭാഗങ്ങൾ ഒഴിവാക്കപ്പെട്ടുപോയാൽ ഇന്ദിരാ ആവാസ് യോജന, സ്വർണ്ണജയന്തി ഗ്രാമ സ്വറോസ്ഗാർ യോജന, സമ്പൂർണ്ണശുചിത്യ യജ്ഞം തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാനത്തിനുള്ള വിഹിതം വെട്ടിക്കുറക്കുമെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ജി) ഇപ്പോൾ സംസ്ഥാനത്ത് ഇന്ദിരാഗാന്ധി ദേശീയ വയോജന പെൻഷൻ ലഭിക്കുന്ന അർഹരായ വൃദ്ധജനങ്ങളിൽ ഭൂരിപക്ഷത്തിനും പുതിയ ബി.പി.എൽ പട്ടിക പ്രകാരം പദ്ധതി ആനുകൂല്യത്തിന് അർഹത നഷ്ടപ്പെടും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

(എച്ച്) കേരളത്തിലെ ഭൂരിപക്ഷം പാവപ്പെട്ട കുടുംബങ്ങളെയും ബി.പി.എൽ പട്ടികയിൽ നിന്നും ഒഴിവാക്കി കേന്ദ്രപദ്ധതി വിഹിതം വെട്ടിക്കുറക്കുവാനുള്ള സമീപനത്തെക്കുറിച്ചുള്ള നിലപാട് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

<u>സാമൂഹിക സാമ്പത്തിക ജാതി സെൻസസ്</u>

7358 ശ്രീ. സണ്ണി ജോസഫ്
,, എം. പി. വിൻസെന്റ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടന്നുവരുന്ന സാമൂഹിക സാമ്പത്തിക ജാതി സെൻസസ് ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ;

(ബി) ഇതിന്റെ കരട് ലിസ്റ്റ് എന്നാണ് പ്രസിദ്ധീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഈ ലിസ്റ്റിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

‘ഒരു പഞ്ചായത്ത് ഒരു ഇൻവെസ്റ്റിഗേറ്റർ സോൺ’

7359 ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക് വകുപ്പിൽ അടിസ്ഥാന വിവര ശേഖരണം ശക്തിപ്പെടുത്തുവാൻ ‘ഒരു പഞ്ചായത്ത് ഒരു ഇൻവെസ്റ്റിഗേറ്റർ സോൺ’ എന്നത് നടപ്പിലാക്കാൻ ഉദ്ദേശ്യമുണ്ടോ;

(ബി) ഇത് നടപ്പിലാക്കുവാൻ പുതുതായി എത്ര ജീവനക്കാരെ ആവശ്യമായി വരുമെന്നു കണക്കാക്കിയിട്ടുണ്ടോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**എക്കോണമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ എസ്.എസ്.എസ്.പി. നടപ്പിലാക്കൽ**

**7360 ശ്രീ. മാത്യു റ്റി. തോമസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എക്കോണമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ എസ്.എസ്.എസ്.പി. നടപ്പിലാക്കുമ്പോൾ താഴെ തട്ടിലുള്ള ജീവനക്കാരെ ഇതിലെ നിർദ്ദേശങ്ങൾ പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ നിർദ്ദേശങ്ങൾ മാറ്റുവാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**ഗുണനിലവാരമില്ലാത്ത പാൽ വിതരണം നടത്തുന്ന കമ്പനികൾ**

**7361**

**ശ്രീ. വി. ശശി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സംസ്ഥാനത്ത് എത്ര കമ്പനികളുടെ പാലുൽപ്പന്നങ്ങളാണ് വിൽപ്പന നടത്തിവരുന്നത് എന്ന് വിശദമാക്കുമോ;**

(ബി) **ഗുണനിലവാരമില്ലാത്ത പാൽ വിതരണം നടത്തുന്ന കമ്പനികളെ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാമാണ്; ഈ കമ്പനികളുടെമേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?**

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

<u>പാലുല്പാദനത്തിൽ സ്വയംപര്യാപ്തത</u>

7362

**ശ്രീമതി കെ. എസ്. സലീഖ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പാലുല്പാദനത്തിൽ സ്വയംപര്യാപ്തത നേടാൻ ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ആവശ്യമായ പാൽ ഇവിടെതന്നെ ഉത്പാദിപ്പിക്കാൻ കഴിയുന്നുണ്ടോ; എങ്കിൽ ഇപ്പോൾ പാലുല്പാദനത്തിൽ എത്ര ശതമാനം വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്; വിശദമാക്കുമോ;

(സി) പന്ത്രണ്ടാം പദ്ധതി ലക്ഷ്യമിടുന്ന ഭക്ഷ്യവസ്തുക്കൾക്ക് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന രീതിക്ക് മാറ്റം വരുത്തണമെന്ന നിർദ്ദേശം നടപ്പിലാക്കാൻ ക്ഷീരവകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) ചില സ്വകാര്യ ഡയറിഫാമുകൾ പാലിൽ കൊഴുപ്പ് കൃത്രിമമായി കൂട്ടാൻ മാൾട്ടോ ഡെക്സ്റ്ററിൻ പോലുള്ള രാസവസ്തുക്കൾ വ്യാപകമായി ചേർക്കുന്നതായും, കഞ്ഞിപ്പശ ചേർത്തും അരി അരച്ചു ചേർത്തും പാലിന്റെ കൊഴുപ്പ് കൃത്രിമമായി കൂട്ടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം സ്വകാര്യ ഡയറിഫാമുകൾക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കുമോ;

(ഇ) ജില്ലാ ക്ഷീരവികസന ഓഫീസർമാർക്ക് ഇത്തരത്തിൽ മായം ചേർക്കുന്ന സ്വകാര്യ ഡയറിഫാമുകളിൽ നിന്നും സാമ്പിൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം നടപടി എടുക്കുവാൻ അധികാരമുണ്ടോ; ഉണ്ടെങ്കിൽ ഇത്തരത്തിലുള്ള മായം ചേർക്കൽ ഒരു പരിധിവരെ അവസാനിപ്പിക്കാൻ സാധിക്കുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ;

# കേരള നിയമസഭ

## 17.07.2012 -ലെ മറുപടിക്ക്

(എഫ്) തൊഴിലുറപ്പ് പദ്ധതിയില്‍ ക്ഷീരോല്പാദകരെ കൂടി ഉള്‍പ്പെടുത്താന്‍ സര്‍ക്കാര്‍ ഉദ്ദേശിക്കുന്നുണ്ടോ; എങ്കില്‍ ഇതിലേയ്ക്കായി സര്‍ക്കാര്‍ എന്തൊക്കെ നടപടികള്‍ സ്വീകരിച്ചു; വിശദമാക്കുമോ?

**കേരള നിയമസഭ**
**17.07.2012 -ലെ മറുപടിക്ക്**

**സ്കൂളുകളിൽ സൗജന്യമായി പാൽവിതരണം**

**7363** **ശ്രീ. പി. കെ. ഗുരുദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ സൗജന്യമായി പാൽ വിതരണം ചെയ്തുവരുന്ന പദ്ധതിയിൽനിന്നും മിൽമ പിൻമാറിയിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണം അറിയിക്കാമോ ;

(ബി) നാളിതുവരെ മിൽമ ഈ പദ്ധതിപ്രകാരം വിതരണം ചെയ്ത പാലിന്റെ വില സർക്കാർ നൽകിയോ ; ഇല്ലെങ്കിൽ ഈയിനത്തിൽ എന്ത് തുക കുടിശ്ശികയുണ്ട് ?

**കേരള നിയമസഭ**
**17.07.2012 -ലെ മറുപടിക്ക്**

**<u>ക്ഷീരകർഷക ക്ഷേമനിധി വിശദാംശങ്ങൾ</u>**

**7364 ശ്രീ. വി. ശശി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും
സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷക ക്ഷേമ നിധിയിൽ എത്ര അംഗങ്ങൾ ഉണ്ടെന്ന് പറയുമോ;

(ബി) പ്രസ്തുത ക്ഷേമ നിധിയിൽ നിന്നും എത്ര പേർക്കാണ് പെൻഷൻ നൽകി വരുന്നത്;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം പുതുതായി എത്ര പേർക്ക് പെൻഷൻ നൽകിയിട്ടുണ്ട്;

(ഡി) പ്രസ്തുത ക്ഷേമനിധിയിൽ നിന്നും ക്ഷീരസുരക്ഷാ പദ്ധതി പ്രകാരം 2010-11, 2011-12 എന്നീ വർഷങ്ങളിൽ ക്ഷീരകർഷകർക്ക് നൽകിയ ധനസഹായം എത്രയെന്ന് അറിയിക്കുമോ;

(ഇ) പ്രസ്തുത ക്ഷേമനിധിയിലേക്ക് 2010-11, 2011-12 എന്നീ വർഷങ്ങളിൽ സർക്കാർ നൽകിയ വിഹിതം എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(എഫ്) ക്ഷീര കർഷക ക്ഷേമനിധിയിൽ നിന്ന് പെൻഷൻ നൽകാൻ ഫണ്ട് ഏതൊക്കെ രീതിയിലാണ് സ്വരൂപിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

### കാലിത്തീറ്റ സബ്സിഡി

7365 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ക്ഷീര കർഷകർക്ക് കാലിത്തീറ്റ സബ്സിഡി നൽകുന്നതിനുളള മാനദണ്ഡങ്ങൾ ഭേദഗതി ചെയ്ത് സബ്സിഡി 50% ആക്കി എല്ലാ വിഭാഗം ക്ഷീര കർഷകർക്കും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) കാലിത്തീറ്റയുടെ വിലയിൽ സമീപ വർഷങ്ങളിലായി രണ്ട് ഇരട്ടിയിലേറെ വിലവർദ്ധിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതു കുറയ്ക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

### ക്ഷീര കര്‍ഷക പെന്‍ഷന്‍ പരിഷ്ക്കരണം

7366 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോര്‍ക്കയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ക്ഷീരകര്‍ഷകരെ തൊഴിലുറപ്പു പദ്ധതിയില്‍ ഉള്‍പ്പെടുത്താന്‍ അടിയന്തിര നടപടികള്‍ സ്വീകരിക്കുമോ;

(ബി) ക്ഷീരകര്‍ഷകര്‍ക്കുള്ള ക്ഷേമനിധി ആനുകൂല്യങ്ങള്‍ വര്‍ദ്ധിപ്പിക്കുന്നതിനും, പെന്‍ഷന്‍ നിയമത്തിലെ ന്യൂനതകള്‍ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) 13.04.2007-ന് മുന്‍പ് ക്ഷേമനിധിയില്‍ ചേര്‍ന്ന ക്ഷീരകര്‍ഷകര്‍ക്ക്, അതിനുശേഷം ചേര്‍ന്ന ക്ഷീരകര്‍ഷകരേക്കാള്‍ കൂടുതല്‍ വര്‍ഷങ്ങള്‍ സേവനം ചെയ്യേണ്ടതായുള്ള ന്യൂനത പരിഹരിച്ച് മുന്‍കാല പ്രാബല്യത്തോടെ പെന്‍ഷന്‍ നിയമം പരിഷ്ക്കരിക്കാന്‍ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**<u>പുരാവസ്തു സംരക്ഷണത്തിനായി പൈതൃക സംരക്ഷണ നിയമം</u>**

**7367**

**ശ്രീ. എൻ. ഷംസുദ്ദീൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പുരാവസ്തു സംരക്ഷണത്തിനായി പൈതൃക സംരക്ഷണ നിയമം നിലവിലുണ്ടോ;

(ബി) പ്രസ്തുത നിയമം നിലവിലുണ്ടെങ്കിൽ ഇതുകൊണ്ടുളള പ്രയോജനം എന്തൊക്കെയാണ് എന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**പുരാരേഖകള്‍ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കല്‍**

**7368**

**ശ്രീ. ഇ. കെ. വിജയന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോര്‍ക്കയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് പുരാരേഖകള്‍ സൂക്ഷിക്കുന്നത് എവിടെയൊക്കെയാണ്; വ്യക്തമാക്കാമോ;

(ബി) പഴമക്കാരുടെ വാമൊഴി ചരിത്രവും സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള പുരാരേഖകളും വില നല്‍കി ശേഖരിക്കുന്നതിനായി നിലവില്‍ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ;

(സി) ഡയറക്ടര്‍ ഓഫ് ആര്‍ക്കൈവ്സ് എല്ലാ പുരാരേഖകളും ഡിജിറ്റൈസ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ടോ;

(ഡി) എങ്കില്‍ ആയത് ഓണ്‍ലൈന്‍വഴി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) പുരാവസ്തു വകുപ്പ് എന്തൊക്കെ പദ്ധതികളാണ് നിലവില്‍ നടപ്പിലാക്കിവരുന്നത് വിശദമാക്കാമോ?

# കേരള നിയമസഭ
# 17.07.2012 -ലെ മറുപടിക്ക്

## പുരാരേഖകളുടെ ഡിജിറ്റൈസേഷൻ സംവിധാനങ്ങൾ

7369

ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആർക്കൈവ്സുകളിൽ പുരാരേഖകൾ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ടോ;

(ബി) ഡയറക്ടറേറ്റ് ഓഫ് ആർക്കൈവ്സിന് കീഴിൽ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; അത് എവിടെയെല്ലാമാണ് ലഭ്യമായിട്ടുള്ളത് എന്നും കോഴിക്കോട് ജില്ലയിൽ എവിടെയാണ് ലഭ്യമാകുന്നതെന്നും അറിയിക്കുമോ;

(സി) കലാ സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്കും സാംസ്കാരിക സ്ഥാപനങ്ങൾക്കും പ്രസ്തുത സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് മാർഗ്ഗരേഖകൾ ഉണ്ടോ;

(ഡി) ചരിത്ര വസ്തുതകൾ ജനങ്ങളിലെത്തിക്കുന്നതിന് സന്നദ്ധ സംഘടനകൾ / സാംസ്കാരിക സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾക്ക് ആർക്കൈവ്സിൽ നിന്ന് സാമ്പത്തിക സഹായമോ പിന്തുണയോ ലഭിക്കുന്നുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**കേരള സംഗീത നാടക അക്കാദമിയുടെ പേര്
അപകീര്‍ത്തിപ്പെടുത്തിയ സംഭവം**

7370 **ശ്രീ. സി. പി. മുഹമ്മദ്**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോര്‍ക്കയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കേരള സംഗീത നാടക അക്കാദമിയില്‍, 2006-2011 കാലയളവില്‍ അക്കാദമി രസീതുകള്‍ നല്‍കി അക്കാദമിയുടെ പേര് ദുരുപയോഗം ചെയ്ത് പണപ്പിരിവ് നടത്തിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് ഏതെങ്കിലും പരാതി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തുക അപഹരിച്ചവര്‍ക്കെതിരെ അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് ഇപ്പോഴത്തെ ഭരണസമിതി സര്‍ക്കാരിന് ശുപാര്‍ശ നല്‍കിയിട്ടുണ്ടോ;

(സി) എങ്കില്‍ പ്രസ്തുത നടപടിക്കെതിരെ പോലീസ് വിജിലന്‍സ് അന്വേഷണങ്ങള്‍ നടത്തുവാന്‍ ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

<u>വിവിധ അക്കാദമികളുടെ പ്രവര്‍ത്തനം</u>

7371 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോര്‍ക്കയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

സാംസ്കാരിക വകുപ്പിന്റെ കീഴിലുളള വിവിധ അക്കാദമികളുടെ പ്രവര്‍ത്തനം മറുനാടന്‍ മലയാളികള്‍ക്കുകൂടി സൗകര്യപ്രദമായ രീതിയില്‍ വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ; ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**കലാകാരൻമാർക്ക് ഇൻഷ്വറൻസ് പരിരക്ഷ**

7372 ശ്രീ. കെ. അച്ചുതൻ
,, ലൂഡി ലൂയിസ്
,, സണ്ണി ജോസഫ്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കലാകാരൻമാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഏത് ഏജൻസിയുടെ ആഭിമുഖ്യത്തിലാണ് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇൻഷ്വറൻസ് പരിരക്ഷയിൽ എന്തെല്ലാം ചികിത്സാ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**<u>ദുരിതമനുഭവിക്കുന്ന കലാകാരന്മാരുടെ ക്ഷേമത്തിനുള്ള ഭാഗ്യക്കുറി</u>**

**7373 ശ്രീ. ഇ.കെ. വിജയൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും
സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ദുരിതമനുഭവിക്കുന്ന കലാകാരന്മാരുടെ ക്ഷേമത്തിനായി സാംസ്കാരിക വകുപ്പ് ഭാഗ്യക്കുറി നടത്തിയ വകയിൽ എത്ര രൂപ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുക അവശത അനുഭവിക്കുന്ന കലാകാരന്മാർക്ക് പ്രയോജനപ്പെടാതെ കിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ തുക ഉപയോഗിച്ച് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) നാദാപുരം മണ്ഡലത്തിലെ അവശത അനുഭവിക്കുന്ന കലാകാരന്മാരുടെ പേരും അഡ്രസ്സും പഞ്ചായത്ത് തിരിച്ച് കണക്ക് ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**17.07.2012 -ലെ മറുപടിക്ക്**

**<u>കലാകാര പെൻഷൻ</u>**

**7374 ശ്രീമതി ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിവിധ വിഭാഗങ്ങളിലായി എത്ര കലാകാരന്മാർക്ക് കലാകാര പെൻഷൻ അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം വിഭാഗങ്ങളിലെ കലാകാരന്മാർക്കാണ് കലാകാര പെൻഷൻ അനുവദിക്കുന്നത്;

(സി) അപേക്ഷകരെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**‘മലയാളം ശൈലീപുസ്തകം’**

**7375 ശ്രീ. ഇ. ചന്ദ്രശേഖരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള വിവര-പൊതുജന സമ്പർക്ക വകുപ്പ് പ്രസിദ്ധീകരിച്ച ‘മലയാളം ശൈലീ പുസ്തകം’ സംസ്ഥാനത്ത് സർക്കാർ ഓഫീസുകളിൽ ഉപയോഗിക്കുന്നതിന് നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടോ; അറിയിക്കാമോ;

(ബി) എങ്കിൽ ആയത് പ്രകാരമാണോ ഓഫീസുകളിൽ മലയാളം ഉപയോഗിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ഭാഷാപ്രയോഗത്തിലെ ഏകീകൃത ശൈലിക്ക് വേണ്ടി പ്രസ്തുത പുസ്തകത്തിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**<u>'മലയാള' ഭാഷക്ക് ക്ലാസിക് പദവി</u>**

**7376 ശ്രീ. കെ. വി. വിജയദാസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
**നോർക്കയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **ആദി ദ്രാവിഡ ഭാഷകളിൽ പ്രമുഖമായ 'മലയാള' ഭാഷക്ക് ക്ലാസിക് പദവി നേടിയെടുക്കാൻ കഴിയാതെ പോയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;**

(ബി) **ക്ലാസിക് പദവി നേടുന്നതിന് തുടർന്നും നടപടി സ്വീകരിച്ചുവോ; എന്തെല്ലാം നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?**

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**<u>മലയാളത്തിന് ക്ലാസ്സിക്കൽ പദവി നിരാകരണം</u>**

**7377** **ശ്രീ. പുരുഷൻ കടലുണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മലയാളത്തിന് ക്ലാസ്സിക്കൽ പദവി നിരാകരിച്ചത് ഏത് മാനദണ്ഡപ്രകാരമാണ്; വിശദമാക്കുമോ;

(ബി) കേരള സാഹിത്യ അക്കാദമി ഇതിനായി ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(സി) പ്രധാനമന്ത്രിയെ കണ്ട് നിവേദനം നൽകാൻ സാഹിത്യ അക്കാദമി എന്ത് തുക ചെലവഴിച്ചു; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**'കേരള ബുക്ക് മാർക്ക്' വഴി പുസ്തകങ്ങൾ വാങ്ങാൻ നടപടി**

**7378 ശ്രീമതി ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്ഥാപനമായ 'കേരള ബുക്ക് മാർക്ക്' നില വിലുള്ളപ്പോൾ സർക്കാർ സ്ഥാപനങ്ങൾ സ്വകാര്യസ്ഥാപനങ്ങൾ വഴി പുസ്തകങ്ങൾ വാങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് ആവശ്യമായ പുസ്തകങ്ങൾ ബുക്ക് മാർക്ക് വഴി വാങ്ങാൻ നടപടി സ്വീകരിക്കുമോ;

(സി) ബുക്ക് മാർക്കിന്റെ ശാഖകൾ താലൂക്ക് കേന്ദ്രങ്ങളിൽ കൂടി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**ബുക്ക് മാർക്കിന്റെ പ്രവർത്തനങ്ങൾ**

7379 ശ്രീ. ഹൈബി ഈഡൻ
,, വർക്കല കഹാർ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ബുക്ക് മാർക്കിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് കൈകൊണ്ടിട്ടുള്ളത് ;

(ബി) സംസ്ഥാനത്ത് എവിടെയെല്ലാം ഇതിന്റെ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്ന് അറിയിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ജില്ലാ കേന്ദ്രങ്ങളിലും മറുനാടൻ കേന്ദ്രങ്ങളിലും ഇതിന്റെ ഫ്രാഞ്ചൈസികൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**പബ്ലിക് റിലേഷൻസ് വകുപ്പ് വഴിയുള്ള പരസ്യം**

**7380 ശ്രീ. കെ. അജിത്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പബ്ലിക് റിലേഷൻസ് വകുപ്പ് വഴി പരസ്യ ചെലവുകൾക്കായി ഓരോ വകുപ്പും ചെലവഴിച്ച തുക വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ;

(ബി) ചെലവഴിച്ച തുകകളിൽ പത്രങ്ങൾ വഴിയുള്ള പരസ്യത്തിനും, ദൃശ്യമാദ്ധ്യമങ്ങളിൽക്കൂടിയുള്ള പരസ്യങ്ങൾക്കും, പുസ്തകങ്ങൾ, ലഘുലേഖകൾ തുടങ്ങിയ പ്രസിദ്ധീകരണങ്ങൾ വഴിയുള്ള പരസ്യങ്ങൾക്കും ചെലവഴിച്ച തുക ഓരോന്നും തരം തിരിച്ച് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**സർക്കാരിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് മാദ്ധ്യമങ്ങളിൽ പരസ്യം**

7381 **ശ്രീ. സി. ദിവാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് വിവിധമാദ്ധ്യമങ്ങളിൽ നൽകുന്ന പരസ്യയിനത്തിൽ ഇതുവരെ എന്ത് തുക ചെലവായി; വ്യക്തമാക്കുമോ;

(ബി) ഏത് വകുപ്പാണ് ഏറ്റവും കൂടുതൽ തുക ചെലവിട്ടത്; എന്ത് തുക; വിശദമാക്കുമോ?

**കേരള നിയമസഭ**
**17.07.2012 -ലെ മറുപടിക്ക്**

**<u>ടെലിവിഷൻ അക്കാദമി</u>**

7382 **ശ്രീ. സി. ദിവാകരൻ**
**,, ജി. എസ്. ജയലാൽ**
**,, കെ. രാജു**
**ശ്രീമതി ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ടെലിവിഷൻ അക്കാദമി പ്രവർത്തിക്കുന്നുണ്ടോ;

(ബി) എങ്കിൽ എവിടെയാണ് പ്രസ്തുത സ്ഥാപനം പ്രവർത്തിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ടെലിവിഷൻ അക്കാദമിയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

<u>ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്മ്യൂണിക്കേഷൻ</u>

7383 **ശ്രീ. എ. എ. അസീസ്**
**,, കോവൂർ കുഞ്ഞുമോൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്മ്യൂണിക്കേഷൻ എവിടെയാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തന പുരോഗതി അറിയിക്കുമോ;

(സി) ഏതൊക്കെ കോഴ്സുകളാണ് ഈ സ്ഥാപനത്തിൽ നടത്താൻ ഉദ്ദേശിക്കുന്നത്; എത്ര വീതം സീറ്റുകളിൽ;

(ഡി) ഇതിന്റെ ഘടന എപ്രകാരമാണെന്നും നിയന്ത്രണ ചുമതല ആർക്കാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**'സി-ഡിറ്റിൽ' റീ സ്ട്രക്ച്ചറിംഗ്**

**7384 ശ്രീ. കെ. രാജു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
**നോർക്കയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 'സി-ഡിറ്റിന്റെ' പ്രവർത്തന ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(ബി) 'സി-ഡിറ്റിൽ' ഇപ്പോൾ റീ സ്ട്രക്ച്ചറിംഗ് എന്ന പേരിൽ നടന്നു വരുന്ന നടപടികൾ സ്ഥാപനത്തിന് ഗുണകരമാണെന്ന് കരുതുന്നുണ്ടോ;

(സി) ആയത് അശാസ്ത്രീയമായ നയസമീപനമാണ് എന്ന് ബോധ്യപ്പെട്ടിട്ടുണ്ടെങ്കിൽ പ്രസ്തുത നടപടികൾ നിർത്തിവയ്ക്കുമോ;

(ഡി) ഇത് സംബന്ധിച്ച് ജീവനക്കാരുടെ പരാതികൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ; ഇതിൻമേൽ എന്തെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

**കേരള നിയമസഭ**
**17.07.2012 -ലെ മറുപടിക്ക്**

**പ്രവാസി വികസന ബോണ്ട്**

7385 **ശ്രീ. ആർ. സെൽവരാജ്**
**,, പി. സി. വിഷ്ണുനാഥ്**
**,, കെ. അച്ചുതൻ**
**,, ബെന്നി ബെഹനാൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും
സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പ്രവാസി വികസന ബോണ്ട് ഇഷ്യൂ ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) ഇതിനായി എന്തെല്ലാം പ്രാരംഭ പ്രവർത്തനങ്ങളാണ് തുടങ്ങിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

## പ്രവാസി ഇന്ത്യക്കാർക്ക് വോട്ട് ചെയ്യുന്നതിന് സൗകര്യം

7386 **ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പ്രവാസി ഇന്ത്യക്കാർക്ക് വിദേശ രാജ്യങ്ങളിലെ സ്ഥാനപതി കാര്യാലയങ്ങളിൽ സ്ഥാപിക്കുന്ന ബൂത്തുകളിൽ വോട്ട് ചെയ്യുന്നതിന് സൗകര്യം വേണമെന്ന ആവശ്യത്തിൻമേൽ നടപടി സ്വീകരിക്കുന്നതിന് സങ്കീർണ്ണതകളേറെയുണ്ടെന്ന ഇലക്ഷൻ കമ്മീഷന്റെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആധുനിക സാങ്കേതിക വിദ്യകളുപയോഗിച്ച് പ്രവാസികൾക്ക് വോട്ട് ചെയ്യുവാൻ അവസരമൊരുക്കണമെന്ന ആവശ്യത്തിൻമേൽ അനുകൂല നടപടി സ്വീകരിക്കുവാൻ കേന്ദ്ര സർക്കാരിനോടാവശ്യപ്പെടുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**നോർക്ക സെല്ലുകളിൽ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തുന്നതിനുള്ള സൗകര്യം**

**7387 ശ്രീ. പി. ഉബൈദുള്ള**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും
സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജോലി സംബന്ധമായി വിദേശത്തേക്ക് പോകുന്നവരുടെ ഏതെല്ലാം സർട്ടിഫിക്കറ്റുകളാണ് നോർക്ക സാക്ഷ്യപ്പെടുത്തി നൽകുന്നത്; വിശദാംശം നൽകുമോ;

(ബി) സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തി നൽകുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ചില എംബസികൾ നിശ്ചിത എണ്ണം സർട്ടിഫിക്കറ്റുകൾ മാത്രമേ ഒരു ദിവസം സാക്ഷ്യപ്പെടുത്തുകയുള്ളൂ എന്നതിനാൽ മലയാളികൾ അനുഭവിക്കുന്ന പ്രയാസങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുമോ;

(ഡി) എല്ലാ ജില്ലാ ആസ്ഥാനങ്ങളിലേയും നോർക്ക സെല്ലുകളിൽ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**പ്രവാസി മലയാളികൾക്ക് അപകട ഇൻഷ്വറൻസ്**

7388 ശ്രീ. കെ. മുരളീധരൻ
'' എം. പി. വിൻസെന്റ്
'' വി. ഡി. സതീശൻ
'' എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികൾക്ക് അപകട ഇൻഷ്വറൻസും തിരിച്ചറിയൽ കാർഡും നൽകുന്ന പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം പ്രവാസി മലയാളികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത് ;

(ഡി) ഏത് ഏജൻസി വഴിയാണ് ഈ പദ്ധതി നടപ്പാക്കുന്നത് ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

<u>പ്രവാസികൾ അയയ്ക്കുന്ന പണത്തിന് സേവനനികുതി</u>

**7389 ശ്രീ. ബാബു. എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിവിധ വിദേശരാജ്യങ്ങളിൽ എത്ര കേരളീയർ ജോലി ചെയ്തുവരുന്നുണ്ട് ;

(ബി) പ്രതിവർഷം എത്ര കോടി രൂപ കേരളത്തിലേയ്ക്ക് അയയ്ക്കുന്നുണ്ട് ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

<u>പ്രവാസി ക്ഷേമനിധി</u>

7390 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും
സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പ്രവാസി ക്ഷേമനിധിയിൽ അംഗത്വം ലഭിക്കുന്നതിന് എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ലഘൂകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) ക്ഷേമനിധിയിൽ അംഗമാകുന്നതിനുള്ള പ്രായപരിധി നിർണ്ണയിച്ചതിൽ അപാകത ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രായപരിധി 65 വയസ്സാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**17.07.2012 -ലെ മറുപടിക്ക്**

**തൊഴിൽ നഷ്ടപ്പെട്ട പ്രവാസി മലയാളികൾക്ക് പുനരധിവാസ പാക്കേജ്**

**7391 ശ്രീ. പി. തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലേയ്ക്ക് തിരിച്ചുവന്ന പ്രവാസി മലയാളികൾ എത്രയാണെ ന്നുളളതിന്റെ ജില്ല തിരിച്ചുളള കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) ജോലി നഷ്ടപ്പെട്ട് തിരിച്ചെത്തിയവരുടെ പുനരധിവാസത്തിന് സർക്കാർ കൈക്കൊണ്ട നടപടികൾ എന്തെല്ലാമായിരുന്നു എന്ന് വ്യക്തമാക്കാമോ ;

(സി) തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചുവന്നവർക്ക് പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

<u>തിരികെ വന്ന പ്രവാസികൾക്കുള്ള പുനരധിവാസ പാക്കേജ്</u>

7392 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്വദേശത്തേക്ക് തിരികെ വന്ന പ്രവാസികൾക്കുള്ള പുനരധിവാസ പാക്കേജ് നടപ്പിലാക്കുന്നതിന് എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളത്;

(ബി) പ്രസ്തുത പാക്കേജിൽ എന്തെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**<u>എയർ ഇന്ത്യാ പൈലറ്റുമാരുടെ സമരം മൂലം പ്രവാസി മലയാളികൾക്കുണ്ടായ തൊഴിൽ നഷ്ടം</u>**

7393 ശ്രീ. കോലിയക്കോട് എൻ കൃഷ്ണൻ നായർ
,, കെ. സുരേഷ് കുറുപ്പ്
,, കെ. വി. അബ്ദുൾഖാദർ
,, പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യത്തിന്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

എയർ ഇന്ത്യാ പൈലറ്റുമാരുടെ സമരവും യാത്രാനിരക്ക് വർദ്ധിപ്പിച്ചതുമൂലവും യഥാസമയം യാത്ര ചെയ്യാൻ കഴിയാതെ വന്ന പ്രവാസി മലയാളികൾക്ക് തൊഴിൽ നഷ്ടവും സാമ്പത്തിക നഷ്ടവും ഉണ്ടായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

<u>പ്രവാസികളുടെ മക്കൾക്ക് പഠന സൗകര്യം</u>

7394 **ശ്രീമതി കെ.കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും
സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗൾഫ് നാടുകളിൽ കുടുംബ സമേതം ജോലി ചെയ്യുന്ന മലയാളികളായ മാതാപിതാക്കളുടെ മക്കൾക്ക് എന്തെല്ലാം പഠന സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രവാസികളിൽ താഴ്ന്ന വരുമാനക്കാരായവരുടെ മക്കൾക്ക് എന്തെങ്കിലും സാമ്പത്തിക സഹായങ്ങൾ നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**നോര്‍ക്ക വകുപ്പില്‍ നിന്നും ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡം**

7395 **ശ്രീ. ബാബു എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പ്രവാസികളുടെ ചികിത്സയ്ക്ക് നോര്‍ക്കവകുപ്പ് നല്കുന്ന ധനസഹായം അനുവദിയ്ക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വിശദമദാക്കുമോ ;

(ബി) പ്രസ്തുത ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷ ആര്‍ക്കാണ് നല്കേണ്ടതെന്നറിയിക്കുമോ?

**കേരള നിയമസഭ**
**17.07.2012 -ലെ മറുപടിക്ക്**

**<u>പ്രവാസി അഡൈ്വസറി കമ്മിറ്റികളുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍</u>**

7396 ശ്രീ. അന്‍വര്‍സാദത്ത്
,, ഡൊമിനിക് പ്രസന്റേഷന്‍
,, ഷാഫി പറമ്പില്‍
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോര്‍ക്കയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പ്രവാസി അഡൈ്വസറി കമ്മിറ്റികളുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) പ്രസ്തുത കമ്മിറ്റികള്‍ ആദ്യം നിലവില്‍ വരുന്നത് എവിടെയൊക്കെയാണ്; വിശദാംശങ്ങള്‍ നല്കുമോ;

(സി) ഏത് ഏജന്‍സിയുടെ മേല്‍നോട്ടത്തിലാണ് പ്രസ്തുത കമ്മിറ്റികള്‍ പ്രവര്‍ത്തിക്കുന്നത്; വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**17.07.2012 -ലെ മറുപടിക്ക്**

**<u>പ്രവാസി ഭാരതീയ ദിവസ് സമ്മേളനം</u>**

**7397** **ശ്രീ. വി. പി. സജീന്ദ്രൻ**
**,, ഹൈബി ഈഡൻ**
**,, റ്റി. എൻ. പ്രതാപൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അടുത്ത പ്രവാസി ഭാരതീയ ദിവസ് സമ്മേളനം സംസ്ഥാനത്ത് വച്ച് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത സമ്മേളനംകൊണ്ട് എന്താണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശം നൽകാമോ;

(സി) പ്രസ്തുത സമ്മേളനത്തിൽ ചർച്ച ചെയ്യുന്ന പ്രധാന വിഷയങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**കരിപ്പൂർ വിമാനത്താവളത്തിൽ നിർത്തിവച്ച വിമാനസർവ്വീസുകൾ പുനരാരംഭിക്കുവാൻ നടപടി**

**7398 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കരിപ്പൂർ വിമാനത്താവളത്തിൽനിന്നുള്ള ഏതെല്ലാം അന്താരാഷ്ട്ര വിമാനസർവ്വീസുകളാണ് നിർത്തിവച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത വിമാനസർവ്വീസുകൾ നിർത്തിവച്ചതുമൂലം ഗൾഫ് യാത്രക്കാർക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അവധിക്കാലത്ത് ഗൾഫ് മേഖലയിലുണ്ടാകുന്ന തിരക്ക് പരിഗണിച്ച് കോഴിക്കോട് - റിയാദ് റൂട്ടിലടക്കം നിർത്തിവച്ച വിമാനസർവ്വീസുകൾ പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?